ഇറയം റിസർച്ച് ജേർണൽ
Volume II Issue 2

# എം എൽ എ ശൈലി : അടിസ്ഥാനതത്വങ്ങൾ

**നിധിൽദേവ് കെ.വി**
**വിജിഷ കെ**
**സി.എം. മുരളീധരൻ**

**ആമുഖം**

ആശയവിനിമയ രൂപങ്ങൾ വ്യാപകമായ ഇക്കാലത്ത്, വ്യത്യസ്ത മാധ്യങ്ങളിലൂടെ പ്രസിദ്ധീകരണങ്ങൾ സാധ്യമാണ്. അച്ചടിമാധ്യമത്തിലൂടെ വന്ന ഒരു പ്രസിദ്ധീകരണത്തെത്തന്നെ ഓൺലൈന് മാധ്യമത്തിൽ വായിക്കാൻ കഴിയും. അതുകൊണ്ടുതന്നെ മുമ്പെന്നത്തേക്കാളും ശേഖരിച്ച വിവരങ്ങളുടെ ഉറവിടങ്ങൾ രേഖപ്പെടുത്താനായി ചില തത്വങ്ങളിലധിഷ്ഠിതമായ ഒരു സംവിധാനത്തിന്റെ ആവശ്യകത ഏറെയാണ്.വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്തമായ സമീപനമാണ് വേണ്ടിവരിക.. ആശയങ്ങൾ കടമെടുക്കുമ്പോൾ കൃതിക്കും കർത്താവിനും കടപ്പാട് രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ പ്രത്യേക പതിപ്പുകളുടെ സവിശേഷമായ ഘടന പരിശോധിക്കുമ്പോൾ പ്രസ്തുത രചനയ്ക്കും കർത്താവിനും കൂടുതൽ വിശദാംശങ്ങളോടെ കടപ്പാട് രേഖപ്പെടുത്തണം.. വിവരങ്ങൾ എവിടെ നിന്ന് ലഭ്യമായി എന്നുള്ളത് വായനക്കാർക്ക് അവ കണ്ടെത്താനും പ്രബന്ധ രചയിതാവിന്റെ വാദമുഖങ്ങളോടുള്ള തങ്ങളുടെ അഭിപ്രായം രൂപപ്പെടുത്താനും ഉപകാരപ്രദമാകും. അതുകൊണ്ട് സ്രോതസ്സ് രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന നിയമങ്ങളെക്കുറിച്ചുള്ള അവബോധം ഏതുതരത്തിലുള്ള പ്രസിദ്ധീകരണത്തിലായാലും സഹായകമാവും.

## എന്തിനാണ് ഉറവിടം രേപ്പെടുത്തുന്നത്?

അക്കാദമികമായ എഴുത്തുകളുടെ അടിവേര് പ്രത്യേക പ്രശ്നത്തിലോ പ്രത്യേക വിഷയത്തിലോ പണ്ഡിതരുടെ ഇടയിൽ നടക്കുന്ന ചർച്ചകളാണ്.

അതുകൊണ്ടുതന്നെ ഇത്തരം എഴുത്തുകളിൽ മറ്റു പ്രബന്ധങ്ങളെക്കുറിച്ചുള്ള സമഗ്രവും പരിശോധിക്കത്തക്കതുമായ റഫറൻസുകൾ ഉണ്ടാവണം. ഇത്തരം റഫറൻസുകൾ മുൻഗാമികളിൽ നിന്നും കടമെടുത്ത ആശയങ്ങൾക്ക് കടപ്പാട് രേഖപ്പെടുത്താനും, അവയെ മെച്ചപ്പെടുത്തിക്കൊണ്ടോ വിയോജിച്ചുകൊണ്ടോ ഭാവിയിലെ ഗവേഷകർക്ക് അവയുടെ ചരിത്രം അന്വേഷിച്ചു കണ്ടെത്താനുള്ള സാധ്യത തുറന്നിടുകയും ചെയ്യും. വളരെ പെട്ടെന്ന് മനസ്സിലാക്കാനും ഉപയോഗപ്പെടുത്താനും വേണ്ടി ഒരു പൊതുഭാഷ എന്നതുപോലെ റഫറൻസുകൾക്ക് പൊതുവായ ഒരു ഘടനയുണ്ട്. ഡോക്യുമെന്റേഷൻ രീതികൾ സ്വായത്തമാക്കുന്നത്, അക്കാദമികരംഗത്ത് ഓരോ എഴുത്തുകാരനും പാലിക്കേണ്ട സാങ്കേതികവശങ്ങളെ വേണ്ടവണ്ണം മനസ്സിലാക്കുന്നതിന്റെ ഭാഗമാണ്. വ്യത്യസ്തമേഖലകളിൽ (ഉദാ: നിയമം, ശാസ്ത്രം, മാധ്യമം...) വ്യത്യസ്ത തരത്തിലുള്ള ഡോക്യുമെന്റേഷൻ രീതികളാണ് നിലവിലുള്ളത്. മികച്ച ഡോക്യുമെന്റേഷൻ രീതികൾ സ്വായത്തമാക്കുന്നത് അക്കാദമികമായ സത്യസന്ധതയുടെ മുഖ്യഘടകമാണ്.

ഓരോ വിവരത്തിന്റെയും സ്രോതസ്സ് സൂചിപ്പിക്കുന്നത് പ്ലാഗരിസം (ചോരണം) ആരോപിക്കപ്പെട്ടുമെന്നതു കൊണ്ടുമാത്രമല്ല. അതതു മേഖലകളിൽ അംഗികരിക്കപ്പെട്ട ഡോക്യുമെന്റേഷൻ (ആധാരപ്പെടുത്തൽ) രീതികളുടെ ശരിയായ ഉപയോഗം പ്രബന്ധരചയിതാക്കളുടെ പ്രാവീണ്യത്തിന്റെ അടയാളം കൂടിയാണ്. ആവശ്യമായിടത്ത് കടപ്പാട് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഇതിൽ നിന്ന് മനസ്സിലാകും. മാത്രമല്ല, വിവരസ്രോതസ്സുകൾ രേഖപ്പെടുത്തുക വഴി പ്രബന്ധരചയിതാവ് അക്കാദമിക സമൂഹത്തിന്റെ ഭാഗമായി മാറുകയും വായനക്കാരുടെ ഇടയിൽ ഇത്തരം എഴുത്തുകൾക്ക് വിശ്വാസത വർധിക്കുകയും ചെയ്യും.

## പ്ലാഗരിസവും അക്കാദമിക സത്യസന്ധതയില്ലായ്മയും

അക്കാദമിക മേഖലകളിൽ സാധാരണയായി കേട്ടുവരുന്ന പദങ്ങളാണ് പ്ലാഗരിസവും അക്കാദമിക സത്യസന്ധതയില്ലായ്മയും. ഇതു സംബന്ധിച്ച് നിരവധി ചോദ്യങ്ങൾക്ക് ഇനിയും ഉത്തരം ലഭിക്കേണ്ടതുണ്ട്. എന്താണ് പ്ലാഗരിസം, എന്തുകൊണ്ടാണ് അത് ഗുരുതരമാകുന്നത്, എങ്ങനെ ഇതിനെ മറികടക്കാനാവും എന്നതെല്ലാം മനസ്സിലാക്കേണ്ടതുണ്ട്.

## എന്താണ് പ്ലാഗരിസം?

മറിയെ വെബ്സ്റ്റേഴ്സ് കൊളീജിയറ്റ് ഡിക്ഷണറിയിൽ പ്ലാഗരിസത്തെ സാഹിത്യചോരണമായാണ് നിർവചിച്ചിരിക്കുന്നത്. മറ്റൊരാളുടെ ആശയങ്ങൾ, വിവരങ്ങൾ, നിരീക്ഷണങ്ങൾ എന്നിവയോ അല്ലെങ്കിൽ അവരുടെ കണ്ടെത്തലിനെ പൂർണമായോ തങ്ങളുടെതായി അവതരിപ്പിക്കുന്നതിനെ പ്ലാഗരിസം എന്ന് പറയാം. പ്ലാഗരിസം എല്ലായ്പ്പോഴും നിയമപരമായ കുറ്റം ആവണമെന്നില്ല. എന്നാൽ അത് ധാർമികവും ഗുരുതരവുമായ കുറ്റമാണ്.

## എന്താണ് പ്ലാഗരിസത്തെ ഗുരുതരമായ കുറ്റമാക്കുന്നത് ?

ആശയമോഷ്ടാക്കളെ സത്യസന്ധതയില്ലാത്തവർ മാത്രമായല്ല, മറിച്ച് പഠനഗവേഷണങ്ങളിലൂടെ മൗലികമായ ചിന്തകൾ മുന്നോട്ടു കൊണ്ടുവരാൻ കഴിവില്ലാത്തവർ കൂടിയായാണ് കാണേണ്ടത്.പ്രൊഫഷണൽ എഴുത്തുകാരിൽ പ്ലാഗരിസം ആരോപിക്കപ്പെട്ടാൽ അവർക്ക് തൊഴിൽ നഷ്ടപ്പെടാനും ഭാവിയിലേക്കുള്ള വിശ്വാസ്യത നഷ്ടപ്പെടാനും സാധ്യതയുണ്ട്. പ്ലാഗരിസം ആരോപിക്കപ്പെടുന്നത് ഗുരുതരമാവാനുള്ള കാരണം അത് പ്രസ്തുത വ്യക്തിയുടെ മുഴുവൻ പ്രവർത്തനങ്ങളെയും സംശയത്തിന്റെ നിഴലിൽ നിർത്തും എന്നതുകൊണ്ടാണ്.

**പ്ലാഗരിസം എങ്ങനെയെല്ലാം ?**

പ്ലാഗരിസത്തിന് വ്യത്യസ്ത രൂപങ്ങളുണ്ട്. ഇന്റർനെറ്റിലെ സേവനദാതാക്കളിൽ നിന്ന് പ്രബന്ധം വാങ്ങുന്നത്, മറ്റൊരു വിദ്യാർത്ഥിയുടെ പ്രബന്ധം പുനരുപയോഗിക്കുന്നത്, പ്രസിദ്ധീകരണങ്ങളിൽ നിന്ന് കടപ്പാട് രേഖപ്പെടുത്താതെ വിവരങ്ങൾ എടുത്തു ചേർക്കുന്നത്... ഇവയെല്ലാം ഇതിൽപ്പെടും. പൊതുവെ പറഞ്ഞാൽ താൻ ചെയ്യാത്ത പ്രവർത്തിയെ തന്റേതായി തെറ്റായി രേഖപ്പെടുത്തുന്നതാണ് പ്ലാഗരിസത്തിന്റെ സ്വഭാവം. ബോധപൂർവമല്ലാതെയും പ്ലാഗരിസം സംഭവിക്കാം. തിരക്കിട്ട് പ്രബന്ധങ്ങൾ തയ്യാറാക്കുമ്പോൾ മറ്റൊരാളുടെ ആശയപ്രകടന രീതിയെ തന്റെ മൗലിക ചിന്തയായി രേഖപ്പെടുത്തപ്പെടാനുള്ള സാധ്യതയുണ്ട്. ഉദാഹരണമായി മൈക്കൽ അഗാറിന്റെ ലാംഗ്വേജ് ഷോക്ക് എന്ന പുസ്തകത്തിൽ നിന്നും താഴെ പറയുന്ന ഭാഗം നിങ്ങൾ വായിച്ചു എന്നിരിക്കട്ടെ.

Everyone uses the word *Language* and everybody these days talks about *culture*... “Languaculture” is a reminder, I hope, of the *necessary* conection between its two parts...

അതിനുശേഷം നിങ്ങൾ താഴെ പറയുന്ന വാചകം എഴുതുകയാണെങ്കിൽ അത് പ്ലാഗരിസമാണ്.

At the intersection of language and culture lies a concept that we might call Languaculture.

അതായത് അഗാറിന്റെ പുസ്തകത്തിൽ നിന്നും ഒരു വാചകം സ്രോതസ്സ് രേഖപ്പെടുത്താതെ നിങ്ങൾ കടമെടുക്കുകയാണ് ചെയ്തത്.പ്രസ്തുതപദം ഉദ്ധരണിക്ക് അകത്ത് നൽകുന്നത് പ്രശ്നം പരിഹരിക്കുന്നില്ല.. പകരം ആ പദം ഉപയോഗിക്കുന്നെങ്കിൽ അതിന്റെ സ്രോതസ്സ് രേഖപ്പെടുത്തുക തന്നെ വേണം.

At the intersection of language and culture lies a concept that Michael Agar has call ed "Languaculture"(60).

അങ്ങനെയാവുമ്പോൾ യഥാർത്ഥ ഗ്രന്ഥകർത്താവിനെ സൂചിപ്പിക്കുകയും അന്തർഗതമായ ഉദ്ധരണി പ്രസ്തുതപദത്തിന്റെ ഉറവിടത്തെ സൂചിപ്പിക്കുകയും ചെയ്യും. ഒപ്പം ഉദ്ധരിക്കപ്പെട്ട കൃതികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതുവഴി വായനക്കാർക്ക് അവയുടെ സ്രോതസ്സിനെപ്പറ്റി പൂർണമായ വിവരങ്ങൾ ലഭ്യമാവുകയും ചെയ്യും.

**പ്ലാഗരിസം എങ്ങനെ ഒഴിവാക്കാം?**

പ്ലാഗരിസം ഒഴിവാക്കാൻ ഗവേഷണത്തിൽ കൃത്യതയോടെ ഇടപെടുകയും കുറിപ്പുകൾ എടുക്കുകയും വേണം. കണ്ടെത്തുന്ന വിവര സ്രോതസ്സുകളുടെയെല്ലാം പൂർണമായ പട്ടിക പിന്നീട് ഉപയോഗിക്കാനായി സൂക്ഷിക്കണം.. ഓരോ സ്രോതസ്സിനെയും അതിൽ നിന്നും ശേഖരിക്കുന്ന വിവരവുമായി ബന്ധിപ്പിച്ച് അത് തങ്ങളുടെ പഠനത്തിനായി ഒന്നുകൂടി പരിശോധിച്ച് ഉറപ്പുവരുത്തി ഉപയോഗിക്കാൻ കഴിയും. കുറിപ്പുകളെടുക്കുമ്പോൾ പ്രത്യേക ശ്രദ്ധ കൊടുക്കേണ്ട ഒരു കാര്യം തങ്ങളുടെ യും മറ്റുള്ളവരുടെയും മൌലികമായ ആശയങ്ങളെയും പദസമുച്ചയങ്ങളെയും വെവ്വേറെ എഴുതി സൂക്ഷിക്കുക എന്നതാണ്.എഴുത്തിനിടയിൽ ഉദ്ധരിക്കുന്ന വാക്കുകളും പദസമുച്ചയങ്ങളും ആശയങ്ങളും വാദമുഖങ്ങളും വസ്തുതകളും മറ്റുവിവരങ്ങളും ശ്രദ്ധാപൂർവം തിരിച്ചറിയണം.

**ഡോക്യുമെന്റേഷന്റെ അഭാവം പ്ലാഗരിസം ആകുമോ?**

വായനക്കാരുടെ സാധാരണ അറിവായി നിലനിൽക്കുന്ന വിവരങ്ങളും ആശയങ്ങളും ഡോക്യുമെന്റ് ചെയ്യേണ്ട ആവശ്യമില്ല. പ്രമുഖ വ്യക്തികളുടെ ജീവചരിത്രത്തിലെ വിവരങ്ങളും പ്രധാനപ്പെട്ട ചരിത്ര സംഭവങ്ങളിലെ വസ്തുതകളുമൊക്കെ മേൽപ്പറഞ്ഞ സാധാരണ അറിവിൽപ്പെടുന്നവയാണ്.

എങ്കിലും ഇത്തരം ആശയങ്ങളിൽ എന്തെങ്കിലും തർക്കമുള്ള സംഗതിയുണ്ടെങ്കിൽ എവിടെനിന്ന് കണ്ടെത്തി ഉപയോഗിച്ചു എന്ന് രേഖപ്പെടുത്തുന്നത് നല്ല രീതിയാണ്. പഠനത്തിനിടയിൽ ഉപയോഗിക്കുന്ന വിവരസ്രോതസ്സുകൾക്ക് കടപ്പാട് രേഖപ്പെടുത്തേണ്ട വിധം എങ്ങനെയാണെന്നാണ് തുടർന്ന് വിവരിക്കുന്നത്. യഥാർത്ഥത്തിൽ പരാമർശികപ്പെട്ട രേഖകളുടെ പട്ടിക തയ്യാറാക്കുന്നതിനും എത്രയോ മുമ്പ് ഡോക്യുമെന്റേഷൻ ആരംഭിക്കുന്നുണ്ട്. ലഭ്യമാവുന്ന വിവരസ്രോതസ്സുകളെ മൂല്യനിർണയം നടത്തി ഏറ്റവും അനുയോജ്യമായ വിവരങ്ങൾ തെരഞ്ഞെടുക്കുക എന്നതാണ് ആരോഗ്യകരമായ അക്കാദിമ ഉപയോഗം.

## വിവരസ്രോതസ്സുകളുടെ മൂല്യനിർണയം

ഒരു ഗവേഷണ പ്രബന്ധം എഴുതുമ്പോൾ , ഒരു പ്രസന്റേഷൻ സ്ലൈഡ് തയ്യാറാക്കുമ്പോൾ, ഒരു ഓൺലൈന് പ്രൊജക്ട് രൂപപ്പെടുത്തുമ്പോൾ, അല്ലെങ്കിൽ മറ്റു ഏതെങ്കിലും തരത്തിലുള്ള അക്കാദമിക പ്രവർത്തി ചെയ്യുമ്പോൾ അവയിലേയ്ക്ക് വിവരങ്ങൾ ശേഖരിക്കാനായോ അവയെ മെച്ചപ്പെടുത്താനായോ വേണ്ടി വിവരങ്ങൾ ശേഖരിക്കുന്നത് സ്വാഭാവികമാണ്. വിവരങ്ങൾ ശേഖരിക്കുന്നത് മുൻകാലങ്ങളിൽ വളരെ ദുഷ്കരമായിരുന്നു.. ഗവേഷകർക്ക് അതിനായി മണിക്കൂറുകളോളം ലൈബ്രറിയിൽ ചെലവഴിക്കേണ്ടതായി വന്നിരുന്നു. എങ്കിലും ഔദ്യോഗികമായി തയ്യാറാക്കിയ സൂചികകളും ശേഖരങ്ങളുമായിരുന്നതിനാൽ അവയുടെ വിശ്വാസ്യത കൂടുതലായിരുന്നു. എന്നാൽ ഇക്കാലത്ത് ഇന്റർനെറ്റിൽ ലഭ്യമായ വിവിധ പ്രസിദ്ധീകരണങ്ങൾ, ഡാറ്റാബേസ്, ആർക്കൈവ്സ്, സർച്ച് എഞ്ചിനുകൾ തുടങ്ങിയവ വിവരങ്ങൾ കണ്ടെത്തൽ, വിവരസ്രോതസ്സുകളെ വീണ്ടെടുക്കൽ എന്നിവയുടെ ആക്കം കൂട്ടിയെങ്കിലും ഗവേഷകർക്ക് അവയുടെ വിശ്വാസ്യത ഉറപ്പുവരുത്തൽ സങ്കീർണമായ ഒരു പ്രക്രിയയാണ്. വിവരങ്ങളുടെ

ലഭ്യത ക്രമാതീതമായി വർധിച്ചിട്ടുണ്ടെങ്കിലും അവയുടെ ഉറവിടം മിക്കപ്പോഴും അവ്യക്തമാണ്. അതിനാൽ ആദ്യപടിയായി ശേഖരിക്കുന്ന വിവരങ്ങളെ മൂല്യനിർണയം ചെയ്യാന് താഴെ പറയുന്ന ചോദ്യങ്ങൾ സ്വയം ചോദിക്കുകയാണ് വേണ്ടത്.

**ആര്?**

ഈ വിവരത്തിന്റെ കർത്താവാരാണ്? അദ്ദേഹം ഈ വിഷയത്തിൽ യോഗ്യതയുള്ള ആളാണോ? അദ്ദേഹം അനുയോജ്യമായ ഗവേഷണം നടത്തുകയും യുക്തിഭദ്രമായ വാദമുഖങ്ങൾ മുന്നോട്ടുവക്കുകയും ചെയ്തിട്ടുണ്ടോ? ഇദ്ദേഹത്തിന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പക്ഷപാത സമീപനത്തിനുള്ള സാധ്യതയുണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

**എന്ത്?**

വിവരത്തിന്റെ ഉറവിടം എന്താണ്? അതിനൊരു തലക്കെട്ട് ഉണ്ടോ? അത് വിഷയത്തെ വിശദീകരിക്കാൻ അനുയോജ്യമാണോ? തലക്കെട്ട് ഇല്ലായെങ്കിൽ നിങ്ങളെങ്ങനെ അതിനെ വിശദീകരിക്കും? മൌലികമായ രചന പോലുള്ള പ്രാഥമിക വിവരസ്രോതസ്സാണോ?  അതോ സർഗാത്മക രചനയാണോ? അല്ലെങ്കിൽ കൃത്രിമമായി ഉണ്ടാക്കപ്പെട്ടതാണോ? അതുമല്ലെങ്കിൽ പ്രാഥമിക വിവരസ്രോതസ്സിനെ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു ദ്വിതീയ വിവരസ്രോതസ്സ് ആണോ?

**എങ്ങനെ?**

എങ്ങനെയാണ് വിവരസ്രോതസ്സ് നിർമിക്കപ്പെട്ടത് ? അതിനൊരു അംഗീകൃത പ്രസാധകൻ ഉണ്ടോ?വിഷയമേഖലയിലെ വിദഗ്ധർ ഈ വിവരസ്രോതസ്സിന്റെ മികവ് പിയർ റിവ്യൂവിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ടോ?

**എവിടെ?**

എവിടെയാണ് നിങ്ങൾ വിവരം കണ്ടെത്തിയത് ? ആധികാരികമായൊരു പ്രബന്ധത്തിലാണോ? എം എൽ എ ഇന്റർനാഷണൽ ബിബ്ലിയോഗ്രാഫി പോലുള്ള ഡാറ്റാബേസിൽ നിന്നാണോ കണ്ടെത്തിയത്?

**എപ്പോൾ?**

എപ്പോഴാണ് പ്രസിദ്ധീകരിക്കപ്പെട്ടത്? സമീപകാലത്ത് പ്രസ്തുത വിവരങ്ങൾ പുതുക്കപ്പെട്ടിട്ടുണ്ടോ?

രേഖകൾ കണ്ടെത്തിയതിനു ശേഷം മൂല്യനിർണയം ചെയ്ത് അനുയോജ്യമല്ലാത്തവ വേർതിരിച്ച് പരിശോധിക്കാനുദ്ദേശിക്കുന്നവയെ കുറിച്ചുള്ള വിവരം രേഖപ്പെടുത്താം. ഈ വിവരങ്ങളായിരിക്കും നിങ്ങളുടെ ഡോക്യുമെന്റേഷന്റെ അടിസ്ഥാനം.

**പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള വസ്തുതകൾ കണ്ടെത്തൽ**

പുസ്തകത്തിന്റെ പുറംചട്ടയോ പേജുകൾക്ക് മുകളിലുള്ള കുറിപ്പോ അല്ല, പകരം പുസ്തകത്തിന്റെ ശീർഷകപേജാണ് ആദ്യമായി പരിശോധിക്കേണ്ടത്. കർത്താവ്, ശീർഷകം, പ്രസാധകർ, സ്ഥാനം, പ്രസിദ്ധീകരണ വർഷം എന്നീ ഘടകങ്ങളൊക്കെ ഡോക്യുമെന്റേഷനിൽ പ്രധാനമാണ്. ടൈറ്റിൽ പേജിൽ പ്രസിദ്ധീകരണത്തിന്റെ വർഷം പോലുള്ളവ ഇല്ലെങ്കിൽ അതിന്റെ കോപ്പിറൈറ്റ് പേജിൽ പരിശോധിക്കാം.

**ഒരു ആനുകാലികത്തിലെ രചന**

രചനയുടെ ആദ്യപേജിലെ ശീർഷകവും രചയിതാവിന്റെ പേരും പരിശോധിക്കുക. ഇത് പൊതുവെ ആനുകാലികങ്ങളിൽ പുറംചട്ടയിലോ ശീർഷക പേജിലോ അതുമല്ലെങ്കിൽ ഉള്ളടക്കപേജിലോ ആണുണ്ടാവുക.

### വെബ്ബിലെ ഉള്ളടക്കം

ഒരു പ്രബന്ധം പ്രസിദ്ധീകരിച്ച വെബ്പേജിൽ മറ്റു വിഷയങ്ങളോടൊപ്പം അതിനെക്കുറിച്ചുള്ള വസ്തുതകളും ഉണ്ടാവും. എങ്കിലും അതിന്റെ URL പകർത്തി ശേഖരിക്കണം.പ്രസ്തുതപേജിൽ പ്രസാധകരുടെ വിശദാംശങ്ങൾ ഇല്ലെങ്കിൽ about this site എന്ന ലിങ്കിലേക്ക് പോയി നോക്കണം.

### നിങ്ങളുടെ ഡോക്യുമെന്റേഷൻ രൂപപ്പെടുത്തൽ

വിവരസ്രോതസ്സുകളെ മൂല്യനിർണയത്തിന് വിധേയമാക്കിയതിന് ശേഷം ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ പിന്നീട് വേണ്ടത് പ്രസ്തുത വിവരങ്ങളെ പരാമർശിച്ച രേഖകളുടെ ലിസ്റ്റിലേക്ക് ക്രമപ്പെടുത്തി വെക്കുകയാണ്.ഒരാശയത്തെയോ വാദമുഖത്തെയോ വികസിപ്പിച്ചെടുക്കുമ്പോൾ അതിനാധാരമായി എടുത്തുചേർത്ത വിവരങ്ങളുടെ സ്രോതസ്സ് വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുക എന്നതാണ് ഡോക്യുമെന്റേഷന്റെ ഉദ്ദേശ്യം. ഡോക്യുമെന്റേഷന് എം എൽ എ സ്റ്റൈലിൽ രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാമത്തെത്, പരാമർശിച്ച രേഖകളുടെ പട്ടികയിൽ വിശദമായി രേഖപ്പെടുത്തലാണ്. രണ്ടാമത്തെത്, പ്രബന്ധശരീരത്തിൽ തന്നെ രേഖപ്പെടുത്തലാണ്.

### പരാമർശിച്ച രേഖകൾ

കടമെടുത്ത വിവരങ്ങളുടെ സ്രോതസ്സുകളാണ് പരാമർശിച്ച രേഖകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. പ്രബന്ധശരീരത്തിൽ ഉപയോഗിക്കാത്ത, എന്നാൽ ഗവേഷകന് പരിശോധിച്ച രേഖകളുണ്ടെങ്കിൽ അവയുടെ വിവരവും പട്ടികയിൽ ഉൾപ്പെടുത്താം. പരാമർശിച്ച രേഖകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾക്ക് മുഖ്യഘടകങ്ങൾ അടങ്ങിയ ഒരു ക്രമമുണ്ട്.

അതോടൊപ്പം സന്ദർഭം ആവശ്യപ്പെടുന്ന മറ്റ് ഘടകങ്ങൾ ഉണ്ടെങ്കിൽ അവയേയും ഉൾപ്പെടുത്താം.

**മുഖ്യഘടകങ്ങൾ:** പരാമർശിച്ച രേഖകളുടെ പട്ടികയിൽ മുഖ്യഘടകങ്ങൾ ഉൾപ്പെടുത്തേണ്ട ക്രമം താഴെ കൊടുക്കുന്നു.

1 കർത്താവ്.

2 ശീർഷകം.

3 സമാഹാരത്തിന്റെ ശീർഷകം,

4 മറ്റു രചയിതാക്കൾ,

5 പതിപ്പ്,

6 വാല്യം,

7 പ്രസാധകർ,

8 പ്രസിദ്ധീകരണ വർഷം,

9സ്ഥാനം.

മേൽപ്പറഞ്ഞ ക്രമത്തിൽ എഴുതുമ്പോൾ ഓരോ ഘടകത്തിനു ശേഷവും അതോടൊപ്പം സൂചിപ്പിച്ചിരിക്കുന്ന ചിഹ്നം കൂടി ചേർക്കേണ്ടതാണ്.

**1. കർത്താവ്**

രചയിതാവിന്റെ പേര് എഴുതുമ്പോൾ പേരിന്റെ അവസാനഭാഗം ആദ്യമെഴുതുകയും കോമയിട്ട് ബാക്കിഭാഗം കൃതിയിൽ സൂചിപ്പിച്ചതുപോലെ രേഖപ്പെടുത്തുകയും വേണം.

- പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം, *ശബ്ദതാരാവലി*, കോട്ടയം, എസ് പി സി എസ്, 1964

രണ്ടുപേർ ചേർന്നെഴുതിയ കൃതിയാണെങ്കിൽ പുസ്തകത്തിൽ കൊടുത്ത ക്രമത്തിൽ തന്നെ അവരുടെ പേര് എഴുതണം. രണ്ടാമത്തെ ആളുടെ പേരിന്റെ ക്രമത്തിൽ മാറ്റം വരുത്തേണ്ടതില്ല.

- വാസുദേവൻനായർ എം ടി, എൻ പി മുഹമ്മദ്, *അറബിപ്പൊന്ന്,* കോട്ടയം, ഡി സി ബുക്സ്, 1963

മൂന്നോ, മൂന്നിലധികം പേരോ ചേർന്നെഴുതിയ കൃതിയാണെങ്കിൽ ആദ്യത്തെ ആളുടെ പേരിന് ശേഷം കോമയിട്ട് et al. (and others എന്നാണ് അതിനർത്ഥം) എന്ന് രേഖപ്പെടുത്തണം.

- അച്യുതൻ എ. ഡോ et. Al, *ഉയിർനീര്,* തൃശ്ശൂർ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2015

ഒരു പ്രബന്ധ സമാഹാരമാണെങ്കിൽ പട്ടികയിൽ കർത്താവിന്റെ പേരിന്റെ സ്ഥാനത്ത് എഡിറ്ററുടെ പേരാണ് ചേർക്കേണ്ടത്. അതോടൊപ്പം വിശദാംശങ്ങളും ചേർക്കണം.

- അനിതകുമാരി ടി. ഡോ, ഡോ രാധാകൃഷ്ണൻ ഇളയിടത്ത് (എഡി), *ഗവേഷണപഠനവും രീതിശാസ്ത്രവും,* തിരൂർ, മലയാളം സർവകലാശാല,2017

തർജ്ജമയാണെങ്കിൽ കർത്താവിന്റെ പേരിന്റെ സ്ഥാനത്ത് പരിഭാഷകരുടെ പേരാണ് ചേർക്കേണ്ടത്.

- ബേബി പി ജെ(പരി), *എന്തുകൊണ്ട് മാർക്സ് ശരിയായിരുന്നു,* കോഴിക്കോട്, പ്രോഗ്രസ് ബുക്സ്, 2107

കർത്താവിന്റെ പേര് സൂചിപ്പിക്കാത്ത കൃതിയാണെങ്കിൽ കൃതിയുടെ ശീർഷകം തൊട്ട് ക്രമത്തിൽ എഴുതിയാൽ മതി.

- *തോരണയുദ്ധം*(പാന), തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി

രചയിതാവിനെ കാണിക്കാതെ ഒരു സ്ഥാപനമോ സംഘടനയോ പ്രസിദ്ധീകരിച്ച കൃതിയാണെങ്കിൽ സംഘടനയുടെ/ സ്ഥാപനം പേര് ആണ് ചേർക്കേണ്ടത്.

- കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, *പൗരബോധനപരിപാടി: പരിശീന കൈപ്പുസ്തകം*, കൊച്ചി, 1999

**2 ശീർഷകം**

ഒരു വലിയ കൃതിയുടെ ഭാഗമാണ് പരാമർശിക്കുന്നതെങ്കിൽ ശീർഷകത്തെ ഉദ്ധരണിക്കകത്ത് രേഖപ്പെടുത്തേണ്ടതാണ്.

- ഗോപിനാഥപിള്ള എൻ ആർ. ഡോ, 'മലയാളഭാഷയുടെ ഉത്പത്തി' *സമ്പൂർണ മലയാള സാഹിത്യ ചരിത്രം* (പ്രൊഫ. പന്മന രാമചന്ദ്രൻ നായർ- എഡി), കോട്ടയം, കറന്റ് ബുക്സ്, 2008

സ്വതന്ത്രവും സ്വയം സമ്പൂർണവുമായ ഒരു രേഖയാണെങ്കിൽ ശീർഷകം ചരിഞ്ഞ അക്ഷരത്തിലോ അടിവരയിട്ടോ സൂചിപ്പിക്കണം. ആനുകാലികത്തിന്റെ ശീർഷകമാണെങ്കിൽ ചരിഞ്ഞ അക്ഷരത്തിലും അതിനകത്തെ ലേഖനത്തിന്റെ ശീർഷകമാണെങ്കിൽ അത് ഉദ്ധരണിക്കകത്തും രേഖപ്പെടുത്തണം.

**3 സമാഹാരത്തിന്റെ ശീർഷകം**

സാധാരണയായി ചരിഞ്ഞ അക്ഷരത്തിൽ എഴുതി കോമയിട്ട് പിന്നാലെ മറ്റു വിശദാംശങ്ങൾ എഴുതണം.

**4 മറ്റു രചയിതാക്കൾ**

മുഖ്യരചയിതാവിനോടൊപ്പം പങ്കുചേർന്ന സഹ എഴുത്തുകാരെ പ്രാധാന്യത്തിനനുസരിച്ച് പട്ടികയിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

ഉദാഹരണമായി സമാഹാരത്തിന്റെ എഡിറ്ററോടൊപ്പം അതിഥി എഡിറ്ററുണ്ടെങ്കിൽ അവരേയും രേഖപ്പെടുത്തണം.

**5 പതിപ്പ്**

ഒരു കൃതി രേഖപ്പെടുത്തുമ്പോൾ എത്രാമത്തെ പതിപ്പാണെന്നും, പരിഷ്കരിച്ച പതിപ്പാണെങ്കിൽ അതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തണം.

**6 വാല്യം**

നിരവധി വാല്യങ്ങളുള്ള ഒരു പുസ്തകത്തിന്റെ ഏതെങ്കിലും ഒരു വാല്യമാണ് പരിശോധിക്കുന്നതെങ്കിൽ അതിന്റെ നമ്പര് രേഖപ്പെടുത്തണം.. ജേർണലുകൾക്ക് വാല്യത്തിന് പുറമെ ലക്കം നമ്പറും ഉണ്ടാവും.

**7 പ്രസാധകർ**

ഒരു പുസ്തകത്തിന്റെ ശീർഷകപേജിൽ പ്രസാധകരുടെ പേര് ഇല്ലെങ്കിൽ പകർപ്പവകാശം രേഖപ്പെടുത്തുന്ന പേജിൽ നിന്ന് അത് കണ്ടുപിടിക്കാവുന്നതേയുള്ളൂ..

**8 പ്രസിദ്ധീകരണ വർഷം**

ഓൺലൈനായി പ്രസിദ്ധീകരിച്ച ഒരു ലേഖനം പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണെങ്കിൽ അതിന് രണ്ട് പ്രസിദ്ധീകരണ തീയതി ഉണ്ടാകും. അതിൽ ഏതാണോ കൂടുതൽ പ്രസക്തമെന്ന് തോന്നുന്നത് അതിനെ പ്രസിദ്ധീകരണ കാലമായി എടുക്കാവുന്നതാണ്. വർഷം മാത്രമാണോ, മാസവും തിയ്യതിയുമൊക്കെ വേണോ എന്നത് വിവരസ്രോതസ്സിന്റെ സ്വഭാവമനുസരിച്ച് തീരുമാനിക്കാവുന്നതാണ്.

**9.സ്ഥാനം**

ഒരു കൃതിയുടെ സ്ഥാനം വിശദമാക്കുന്നത് അത് പ്രസിദ്ധീകരിച്ച മാധ്യമത്തെ അടിസ്ഥാനമാക്കിയാണ്. അച്ചടിച്ച പുസ്തകമാണ് സ്രോതസ്സെങ്കിൽ പേജ് നമ്പർ p എന്നതിന് ശേഷം രേഖപ്പെടുത്തണം. കൂടുതൽ പേജുകൾ സൂചിപ്പിക്കണമെങ്കിൽ pp എന്നെഴുതി ബന്ധപ്പെട്ട നമ്പറുകൾ എഴുതണം. ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ സ്ഥാനം സാധാരണയായി സൂചിപ്പിക്കുന്നത് URL അല്ലെങ്കിൽ അതിന്റെ വെബ് വിലാസം നൽകിയാണ്. ചില പ്രസാധകര് ഡിജിറ്റൽ ഒബ്ജക്ട് എെഡന്റിഫൈയര് (DOI) സൂചിപ്പിക്കാറുണ്ട്. URL മാറിയാലും DOI അതുപോലെ നിലനിൽക്കും. അതുകൊണ്ട് സാധ്യമാവുന്നിടത്ത് DOI സൂചിപ്പിക്കേണ്ടതാണ്. ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ ഏത് സമയത്തും ഇല്ലാതായേക്കും. അതുകൊണ്ട് വിവരങ്ങൾ ശേഖരിച്ച ദിവസം രേഖപ്പെടുത്തി വെക്കണം.

**പ്രബന്ധശരീരത്തിൽ തന്നെയുള്ള പരാമർശം**

എം എൽ എ ഡോക്യുമെന്റേഷന് രീതിയിലെ രണ്ടാമത്തെ മുഖ്യഘടകമാണ് പരിശോധിച്ച സ്രോതസ്സിനെക്കുറിച്ചുള്ള വിവരങ്ങളുടെ ചുരുക്കം പ്രബന്ധശരീരത്തിൽ തന്നെ ഉൾപ്പെടുത്തുന്നത്. പ്രബന്ധശരീരത്തിൽ തന്നെ ഉൾപ്പെടുത്തുന്ന പരാമർശങ്ങളിൽ ആദ്യം രചയിതാവിന്റെ പേരും തുടർന്ന് പേജ് നമ്പറും ചേർക്കണം. ദൈർഘ്യമേറിയ പദ്യമോ ഗദ്യമോ ഉദ്ധരണിയായി ചേർക്കുമ്പോൾ പ്രബന്ധശരീരത്തിൽ നിന്നും വേർതിരിച്ചറിയാനായി മാർജിനിൽ നിന്നും പ്രത്യേക അകലത്തിൽ ടൈപ്പ് ചെയ്യണം.

## എം എൽ എ സ്റ്റൈലിന്റെ വിശദാംശങ്ങൾ

### 1.പ്രബന്ധ ശരീരം : രചനാ തത്വങ്ങൾ

#### 1.1 വ്യക്തികളുടെ നാമങ്ങൾ

പ്രബന്ധത്തിൽ ഏതെങ്കിലും വ്യക്തികളുടെ പേരുകൾ പരാമർശിക്കുമ്പോൾ പൂർണമായും കൃത്യമായും എഴുതണം. സ്രോതസ്സിൽ ആധികാരികമായ സ്ഥലത്ത് എങ്ങനെയാണൊ പരാമർശിച്ചിരിക്കുന്നത് അതേപടി ചിഹ്നങ്ങൾ പോലും തെറ്റാതെ പകർത്തി ഉപയോഗിക്കണം.

ഉദാ : വിക്ടോറിയ എം . സാക്വില്ലി – വെസ്റ്റ്

#### 1.1.2 ഗ്രന്ഥകർത്താക്കളുടെ ശീർഷകങ്ങൾ

ഗ്രന്ഥകർത്താക്കളുടെ പേരുകൾ പ്രബന്ധത്തിൽ പരാമർശിക്കുമ്പോൾ കൃത്യമായും പൂർണ്ണമായും എഴുതുക. യാതൊരു തരത്തിലുള്ള പദവികളൊ വിശേഷണങ്ങളൊ ചേർക്കാതിരിക്കുക.

ഉദാ : ഡോ.സുകുമാർ അഴീക്കോട്, വിജയൻ മാഷ് എന്നിങ്ങനെ എഴുതരുത്.

#### 1.1.3 ഗ്രന്ഥകർത്താക്കളുടെയും കഥാപാത്രങ്ങളുടേയും നാമങ്ങൾ

പ്രബന്ധത്തിൽ വളരെ വിഖ്യാതരായ ഗ്രന്ഥകർത്താക്കളുടെ പേരുകൾ ചുരുക്കി എഴുതുന്ന പതിവുണ്ട്.

ഉദാ: ദാന്തെ (ദാന്തെ അലിഘിയേരി)

ടാഗോർ (രവീന്ദ്രനാഥടാഗോർ)

കഥാപാത്രങ്ങളുടെ പേരുകൾ, അവ എങ്ങനെയാണൊ കൃതികളിൽ പരാമർശിച്ചിരിക്കുന്നത് അപ്രകാരം രേഖപ്പെടുത്തുക.

### 1.2. സ്രോതസ്സുകളുടെ ശീർഷകങ്ങൾ

ഏതെങ്കിലുമൊരു സ്രോതസ്സിന്റെ ശീർഷകം പ്രബന്ധ ശരീരത്തിൽ ഉപയോഗിക്കുമ്പോൾ, വളരെ ആധികാരികമായ സ്ഥലത്തു നിന്ന് മാത്രം

എടുത്തു ചേർക്കണം. അതായത് കൃതിയുടെ പുറംചട്ടയിൽ നിന്നോ ഉൾത്താളുകളിൽ നിന്നോ എടുത്തെഴുതരുത്.കൃത്യമായും പൂർണമായും ചിഹ്നനങ്ങൾ പോലും തെറ്റു വരുത്താതെ എഴുതണം.

**1.2.1 ചരിഞ്ഞ ലിപിയും ഉദ്ധരണി ചിഹ്നവും**

പ്രബന്ധ ശരീരത്തിൽ ശീർഷകങ്ങൾ എഴുതുമ്പോൾ സാധാരണയായി രണ്ടു രീതികളാണ് ഉപയോഗിക്കുന്നത്. ഒന്ന് ചെരിഞ്ഞ ലിപിയിലെഴുതുക, മറ്റൊന്ന് ഉദ്ധരണി ചിഹ്നങ്ങൾ ഉപയോഗിച്ചെഴുതുക. സ്വതന്ത്രവും സ്വയം പൂർണവുമായ കൃതികളുടെ /രേഖകളുടെ ശീർഷകങ്ങൾ ചെരിഞ്ഞ ലിപിയിലും, ഒരു പുസ്തകത്തിലേയൊ, ജേർണലിലേയൊ, ലേഖനത്തിന്റെ ശീർഷകമാണങ്കിൽ ഉദ്ധരണി ചിഹ്നം ഉപയോഗിച്ച രേഖപ്പെടുത്തണം.

ഉദാ: *മലയാളിയുടെ ദേശകാലങ്ങൾ* ( പുസ്തകം)

"മലയാളിസമൂഹവും ലൈംഗികതയും" (ലേഖനം)

ചില അപവാദങ്ങൾ

മതഗ്രന്ഥങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ, സവിശേഷ രാഷ്ട്രീയ രേഖകൾ, പരമ്പരകൾ,സെമിനാറുകൾ, വർക് ഷോപ്പുകൾ, മുതലായവ ശീർഷകങ്ങളായി വരുമ്പോൾ ചെരിച്ചെഴുത്തൊ ഉദ്ധരണി ചിഹ്നങ്ങളൊ ഉപയോഗിക്കാറില്ല. ഉദാ:ബൈബിൾ; ബിൽ ഓഫ് റൈറ്റ്സ്, മാഗ്നാകാർട്ട

**1.2.2 ശീർഷകങ്ങളുടെ ചുരുക്കെഴുത്ത്**

പ്രബന്ധത്തിൽ ശീർഷകങ്ങൾ ചേർക്കുമ്പോൾ ആദ്യത്തെ ഒരു തവണയെങ്കിലും നിർബന്ധമായും ശീർഷകം കൃത്യമായും പൂർണമായും എഴുതണം. ആ ശീർഷകം പല തവണ ഉപയോഗിക്കേണ്ടി വരുന്നുവെങ്കിൽ ചുരുക്കി എഴുതാവുന്നതാണ്. ചുരുക്കെഴുത്തുകൾക്ക് എന്തെങ്കിലും അവ്യക്തതയുണ്ടെങ്കിൽ കുറിപ്പുകൾ നൽകേണ്ടതാണ്. നിയമങ്ങൾ,

പ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെ ശീർഷകങ്ങൾക്ക് ചുരുക്കെഴുത്തുകൾ നൽകാവുന്നതാണ് .

ഉദാ: "ഓഡ് ടു നൈറ്റിങ്ങ്ഗേൽ " ("നൈറ്റിങ്ങ്ഗേൽ")

"പുരോഗമന കലാസംഘം" (പു.ക.സ)

**1.2.4 ശീർഷകങ്ങൾക്കള്ളിലെ ശീർഷകങ്ങൾ**

പ്രബന്ധ ശരീരത്തിൽ നാം ഉപയോഗിക്കുന്ന ഒരു ശീർഷകത്തിനുള്ളിൽ മറ്റൊരു ശീർഷകം വരുന്നുവെങ്കിൽ, ഉദാഹരണമായി "രമണനും മലയാള കവിതയും" രമണൻ എന്നത് മറ്റൊരു പ്രധാനകൃതിയുടെ ശീർഷകമാണ്. ഇത്തരം സന്ദർഭത്തിൽ രമണൻ എന്ന ശീർഷകത്തെ സവിശേഷമായി ഉദ്ധരണി ചിഹ്നനങ്ങൾക്കകത്തൊ ചെരിഞ്ഞ ലിപിയിലൊ രേഖപ്പെടുത്തണം.

ഉദാ: മൊത്തം ശീർഷകം ഉദ്ധരണി ചിഹ്നത്തിൽ ചേർക്കുകയും രമണൻ എന്നതു മാത്രം ചെരിഞ്ഞ ലിപിയിൽ എഴുതണം.

"*രമണനും* മലയാള കവിതയും" അല്ലെങ്കിൽ "'രമണനും' മലയാള കവിതയും"

**1.3 ഉദ്ധരണികൾ (Quotations)**

പ്രബന്ധത്തിൽ വളരെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ് ഉദ്ധരണികൾ. എന്നാൽ ഉദ്ധരണികൾ ഒഴിച്ചു കൂടാനാവത്ത ഘട്ടങ്ങളിൽ മാത്രം ഉപയോഗിക്കുക. പ്രബന്ധം അതിന്റെ രചയിതാവിന്റെ മാത്രം ആശയവും അഭിപ്രായവുമായിരിക്കണം. അതിനെ വെളിപ്പെടുത്തുവാനൊ വിവരിക്കുവാനൊ ഉള്ള സഹായം മാത്രമായിരിക്കണം ഉദ്ധരണികൾ. ഉദ്ധരണികളുടെ ആധിക്യം പ്രബന്ധത്തിന്റെ മൗലികതയെ ബാധിക്കും. ഉദ്ധരണികൾ ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉദ്ധരണികളുടെ കൃത്യത പ്രധാനപ്പെട്ടതാണ്. അവ ആകര ഗ്രന്ഥത്തോടു പൂർണമായും നീതി പുലർത്തണം. വാക്കൊ, വരിയൊ, ഖണ്ഡികയൊ

പകർത്തുമ്പോൾ സ്രോതസ്സുകളിൽ നിന്ന് അക്ഷരങ്ങളിലൊ ചിഹ്നങ്ങളിലൊ പോലും മാറ്റം വരുത്താൻ പാടുള്ളതല്ല. ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നുവെങ്കിൽ ആനുഷംഗികമായി സൂചിപ്പിക്കണം. അത്തരം സന്ദർഭങ്ങളിൽ ആശയത്തിലൊ വ്യാകരണത്തിലൊ തെറ്റുകൾ വരാതെ മൂലകൃതിയോടു നീതി പുലർത്തണം.

**1.3. 2 ഗദ്യം (Prose)**

നാലുവരിയിൽ കൂടാത്ത ഉദ്ധരണികൾ ചേർക്കുമ്പോൾ ഉദ്ധരണികൾക്ക് ചിഹ്നങ്ങൾ ചേർക്കുകയും ഗ്രന്ഥകാരനേയും കൃതിയേയും അവിടെത്തന്നെ പരാമർശിക്കുകയും വേണം.

ഉദാ: അറിവിനെക്കുറിച്ച് ചാത്തനാത്ത് അച്യുതനുണ്ണി തന്റെ "*ഗവേഷണം: പ്രബന്ധരചനയുടെ തത്വങ്ങൾ* " എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. "അറിവ് ഒരിടത്തും നിശ്ചലമായി നിൽക്കുന്നില്ല. അതു പരിണമിച്ചു കൊണ്ടേയിരിക്കുന്നു. ഏതു വിഷയത്തെക്കുറിച്ചും നാം ഇതുവരെ നേടിവെച്ച അറിവുകളുടെ അപര്യാപ്തതയെക്കുറിച്ച് നമുക്കുണ്ടാകുന്ന ആകാംക്ഷ പുതിയ പ്രശ്നമേഖലകളിലേക്കും നവീകരണ പ്രവർത്തനങ്ങളിലേക്കും നമ്മെ നയിക്കുന്നു."

നാലുവരിയിൽ കൂടുതൽ ഗദ്യം ഉദ്ധരിക്കുമ്പോൾ അടുത്ത വരിയിൽ ഇടതു മാർജിനിൽ നിന്ന് അര ഇഞ്ച് അകലത്തിൽ ഉദ്ധരണി ചിഹ്നങ്ങൾക്കകത്ത് എഴുതുക. ഉദ്ധരണി ചിഹ്നം അവസാനിക്കുന്നിടത്ത് ആനുഷംഗിക സൂചിക നൽകുക (parenthetical reference).

ഉദാ: അറിവിനെക്കുറിച്ച് ചാത്തനാത്ത് അച്യുതനുണ്ണി തന്റെ "*ഗവേഷണം പ്രബന്ധരചനയുടെ തത്വങ്ങൾ* " എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. "അറിവ് ഒരിടത്തും നിശ്ചലമായി നിൽക്കുന്നില്ല. അതു പരിണമിച്ചു കൊണ്ടേയിരിക്കുന്നു. ഏതു വിഷയത്തെക്കുറിച്ചും നാം ഇതുവരെ നേടി വെച്ച

അറിവുകളുടെ അപര്യാപ്തതയെക്കുറിച്ച് നമുക്കുണ്ടാകുന്ന ആകാംക്ഷ പുതിയ പ്രശ്നമേഖലകളിലേയ്ക്കും നവീകരണ പ്രവർത്തനങ്ങളിലേക്കും നമ്മെ നയിക്കുന്നു. ഇത് കേവലം ആത്മനിഷ്ഠമായ വൈകാരിക ദാഹമല്ല; മറിച്ച്, വസ്തുനിഷ്ഠമായ വിജ്ഞാനദാഹമാണ്." (2015:13)

**1.3.3 പദ്യം (Poetry)**

നാലിൽ താഴെ വരികളുള്ള പദ്യമൊ പദ്യശകലങ്ങളൊ പ്രബന്ധത്തിൽ ഉദ്ധരിക്കുമ്പോൾ സവിശേഷമായ ഊന്നലുകളോടെ രേഖപ്പെടുത്തേണ്ടതില്ല. ഉദ്ധരണി ചിഹ്നങ്ങൾ ചേർത്ത് പ്രബന്ധത്തിന്റെ തുടർച്ചയിൽ എഴുതാവുന്നതാണ്. വരികളുടെ മുറിക്കൽ സൂചിപ്പിക്കുവാൻ ചെരിഞ്ഞ വര ചേർക്കണം ( / ). ശ്ലോകം തീരുന്നിടത്ത് രണ്ടു ചെരിഞ്ഞ വര. (//) ഉദ്ധരണി ചിഹ്നം അവസാനിക്കുന്നിടത്ത് ആനുഷംഗിക സൂചിക (Paranthetical citation) നൽകണം. ഉദ്ധരണി തീരുന്ന വരിയിൽ സൂചിക ചേർക്കാൻ കഴിയുന്നില്ലെങ്കിൽ അടുത്ത വരിയിൽ വലതു മാർജിനിനടുത്ത് ചേർക്കുക.

ഉദാ: ഭൂതകാലം മലയാള കവിതയിൽ ഇപ്പോഴും സജീവമാണ്. സച്ചിദാനന്ദൻ *മറന്നു വച്ച വസ്തുക്കൾ* എന്ന കവിതയിൽ എഴുതുന്നു." ഇതുകാലം മറന്നു വെച്ചതെല്ലാം/ ഇപ്പോൾ പെട്ടന്ന് ഓർമ്മ വരുന്നു/ഉപ്പുവെച്ച കളിക്കുമ്പോൾ മാഞ്ചുവട്ടിൽ ഉണക്കിലകൾക്കടിയിൽ/ മറന്നുവെച്ച പത്തുപ്പ്..." (18)

മൂന്ന് വരികളിൽ കൂടുതലുള്ള പദ്യ ഭാഗങ്ങൾ ഉദ്ധരിക്കുമ്പോൾ, അടുത്ത വരിയിൽ ഇടതു മാർജിനിൽ നിന്ന് അര ഇഞ്ച് അകലത്തിൽ ഉദ്ധരണി ചിഹ്നങ്ങൾക്കുള്ളിൽ എഴുതുക (അതേപടിയല്ല പകർത്തുന്നതെങ്കിൽ ഉദ്ധരണി ചിഹ്നം ചേർക്കരുത്).

ഉദാ: ഭൂതകാലം മലയാള കവിതയിൽ ഇപ്പോഴും സജീവമാണ്. സച്ചിദാനന്ദൻ *മറന്നു വച്ച വസ്തുക്കൾ* എന്ന കവിതയിൽ എഴുതുന്നു.

ഇത്രകാലം മറന്നു വെച്ചതല്ലാം ഇപ്പോൾ പെട്ടന്ന് ഓർമ വരുന്നു
ഉപ്പു വെച്ചു കളിക്കുമ്പോൾ മാഞ്ചുവട്ടിൽ ഉണക്കിലകൾക്കടിയിൽ
മറന്നു വെച്ച പത്തുപ്പ് ഭയന്ന മഴ വരാതിരുന്ന ഒരു ദിവസംഅപ്പുവിന്റെ
കടയിൽ മറന്നു വെച്ച കുട" (18)

## ശബ്ദലോപം (Ellipsis)

പ്രബന്ധത്തിൽ ചേർക്കുന്ന ഉദ്ധരണികളിൽ നിന്ന് ഒരു വാക്കോ പ്രയോഗമോ വാക്യമോ ഒഴിവാക്കുമ്പോൾ പ്രധാനമായും രണ്ട് തത്വങ്ങൾ പാലിക്കണം. ഒന്ന്, മൂലഗ്രന്ഥത്തോടും ഗ്രന്ഥകാരനോടും പൂർണമായും നീതിപുലർത്തണം. മറ്റൊന്ന്, എഴുത്തിൽ വ്യാകരണപരമായ പിഴവുകൾ വരാതെ നോക്കണം. വായനക്കാരന് യാതൊരു വിധത്തിലുള്ള തെറ്റിദ്ധാരണയും ഉണ്ടാക്കരുത്. ഉദ്ധരണികളിൽ ഏതെങ്കിലും തരത്തിലുള്ള ഒഴിവാക്കലുകൾ നടത്തുമ്പോൾ ലോപ ചിഹ്നങ്ങൾ (Ellipsis point) ഉപയോഗിച്ച് രേഖപ്പെടുത്തണം. ഒരു സ്പേയ്സ് അകലത്തിലുള്ള മൂന്ന് കുത്തുകൾ (Periods).

ഉദാ: മൂലഗ്രന്ഥം

കേരളീയ സമൂഹത്തിന്റെ സംസ്കാര രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ച ഘടകങ്ങളിലൊന്ന് ജലലഭ്യതയാണ്. ജലസ്രോതസ്സ് എല്ലാ ജാതിക്കാരെയും എവിടെയും താമസിക്കുന്നതിന് സഹായിച്ചു. ഗ്രാമത്തിന് പുറം അകം എന്നു പറയാവുന്ന വിടവ് കേരളത്തിൽ ദുർബലമാണ്.

(പ്രദീപൻ പാമ്പിരിക്കുന്നിന്റെ *ദലിത് പഠനം : സ്വത്വം സംസ്കാരം സാഹിത്യം*)

ഉദ്ധരണിയുടെ നടുവിൽ ശബ്ദലോപം വരുമ്പോൾ ഭൂമിശാസ്ത്രവും ജാതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രദീപൻ പാമ്പിരിക്കുന്ന് *ദലിത് പഠനം: സ്വത്വം*

*സംസ്കാരം സാഹിത്യം* എന്ന കൃതിയിൽ ഇങ്ങനെ എഴുതുന്നു, "കേരളീയ സമൂഹത്തിന്റെ . . . വിടവ് കേരളത്തിൽ ദുർബലമാണ് " (44)

ഉദ്ധരണിയുടെ അവസാനം ശബ്ദലോപം വരുമ്പോൾ ഭൂമിശാസ്ത്രവും ജാതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രദീപൻ പാമ്പിരിക്കുന്ന് *ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം* എന്ന കൃതിയിൽ ഇങ്ങനെ എഴുതുന്നു. "കേരളീയ സമൂഹത്തിന്റെ സംസ്കാര രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ച ഘടകങ്ങളിലൊന്ന് ജലലഭ്യതയാണ്. ജലസ്രോതസ്സ് എല്ലാ ജാതിക്കാരെയും എവിടെയും താമസിക്കുന്നതിന് സഹായിച്ചു . . . " (44)

**ശബ്ദലോപം പദ്യഉദ്ധരണികളിൽ (ommision In a Quotation of poetry)**

ഉദ്ധരണിയുടെ അവസാന ഭാഗത്താണ് ശബ്ദലോപമെങ്കിൽ (ommission), ഗദ്യത്തിലെന്ന പോലെ periods ഉപയോഗിക്കുക ( ഒരു സ്പേസ് അകലത്തിൽ മൂന്നോ നാലോ കുത്തുകൾ). എന്നാൽ ലോപം കാവ്യ ഉദ്ധരണിയുടെ മധ്യഭാഗത്താണങ്കിൽ period കളുടെ എണ്ണം കൂടുതൽ വേണം. ഏകദേശം ഒരു വരി നീളത്തിൽ

ഉദാ: *മറന്നുവെച്ച വസ്തുക്കൾ* എന്ന സമാഹാരത്തിൽ "കല്ല് " എന്ന കവിതയിൽ സച്ചിദാനന്ദൻ എഴുതുന്നു

കല്ലാവുക പ്രയാസമല്ല

നഗ്നനാവുക

കണ്ണടക്കുക

കാതിൽ മൺകട്ട തിരുകുക

. . . . . . . . . . . . . . . . . . . . . .

സൈന്യങ്ങളും പീരങ്കികളും

ഞെരിച്ചുകടന്നുപോകുന്നതറിയാതെ (108)

### 1.3.6 ഉദ്ധരണികളിൽ വരുത്താവുന്ന മറ്റു ചില ഭേദങ്ങൾ

പ്രബന്ധത്തിൽ ചേർക്കുന്നൊരു ഉദ്ധരണി, വായനക്കാരന് ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം ഉണ്ടാക്കുമെന്ന് തോന്നുകയാണെങ്കിൽ, ഉദ്ധരണി ചിഹ്നം അവസാനിക്കുന്ന ഉടൻ തന്നെ ബ്രാക്കറ്റിൽ വിശദീകരണം നൽകാവുന്നതാണ്. ഉദ്ധരണികൾക്കകത്താണ് വിശദീകരണം നൽകുന്നതെങ്കിൽ ചതുര വലയത്തിൽ (square Bracket) നൽകുക.

### 1.3.7 ഉദ്ധരണികളുടെ തർജമ (Translations of Quotations)

പ്രബന്ധത്തൽ ചേർക്കുന്ന ഉദ്ധരണിയുടെ ഭാഷ, ഏതെങ്കിലും സവിശേഷ വിഭാഗം വായനക്കാർക്ക് മനസ്സിലാകുവാൻ തർജമ ആവിശ്യമാണന്ന് തോന്നിയാൽ നൽകാവുന്നതാണ്. അപ്പോൾ ഉദ്ധരണിയുടേയും തർജമയുടേയും സ്രോതസ് കാണിക്കണം. വിവർത്തനം സ്വയമാണ് നിർവഹിക്കുന്നതെങ്കിൽ ആനുഷംഗിക സൂചികയിൽ (Parentheses) (സ്വ:വിവ:) എന്ന് രേഖപ്പെടുത്തണം.ഉദ്ധരണി അവസാനിക്കുന്നിടത്തുനിന്നു തന്നെ ബ്രാക്കറ്റിൽ തർജമ അരംഭിക്കണം.

### 1.4 സംഖ്യകൾ (Numbers)

സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും ഉപയോഗിക്കാറുണ്ട്. യുക്തിയും സൗകര്യവും അനുസരിച്ച് ഉപയോഗിക്കുന്ന ചില സന്ദർഭങ്ങളുമുണ്ട്. എന്നാൽ ചുരുക്കെഴുത്തുകളുടെ കൂടെ (6 lbs), ചിഹ്നങ്ങൾക്കൊപ്പം ($ 3.50, 4:00 PM), മേൽവിലാസം (4401 13th Avenue), തീയ്യതികളിൽ (11 April 2006), ഭിന്ന സംഖ്യകൾ (8:3) തുടങ്ങിയ സന്ദർഭങ്ങളിൽ സംഖ്യകളായി ഉപയോഗിക്കണം.

### 1.4.1 സംഖ്യകളിൽ അല്പവിരാമചിഹ്നം (commas in Numbers)

സാധാരണയായി  അക്കങ്ങളിൽ കോമ ചേർക്കുന്നത് വലത് ഭാഗത്ത് നിന്ന് മൂന്ന്, അഞ്ച്,  ഏഴ് എന്നീ സ്ഥാനങ്ങളിലാണ്.

ഉദാ: 1,000

20,000

76,54,321

പേജ് നമ്പറുകളിൽ, മേൽവിലാസത്തിൽ, നാലക്ക വർഷങ്ങളിൽ തുടങ്ങിയവയിൽ കോമചേർക്കാറില്ല

### 1.4.2 പരിധി സൂചിപ്പിക്കുമ്പോൾ (inclusive Numbers)

തൊണ്ണൂറ്റി ഒൻപതു വരെ രണ്ടാമത്തെ സംഖ്യപൂർണ്ണമായി എഴുതണം.

2 - 3

10 - 12

21 - 48

89 - 99

വലിയ സംഖ്യകൾ

96 - 101

395 - 401

923 - 1003

1003 - 05

വർഷങ്ങളുടെ പരിധി

2003 - 05

1898 - 1901

### 1.4.3 റോമൻ സംഖ്യാ ലിപികൾ (Romman Numerals)

പ്രാഥമിക വിഭജനങ്ങൾക്കും (Primary Division), പേരുകളുടെ പരപ്രത്യയങ്ങൾക്കും പ്രയോഗിക്കാം

**1.5 സമയവും തീയ്യതിയും (Date & Time)**

പ്രബന്ധശരീരത്തിൽ തീയ്യതികൾക്ക് ചുരുക്കെഴുത്ത് ഉപയോഗിക്കരുത്. ഉദാഹരണത്തിന്, 12 Jan 2006 എന്ന് എഴുതരുത്. പകരം 12 Januvary 2006 എഴുതണം. രണ്ട് രീതിയിൽ തീയ്യതികൾ രേഖപ്പെടുത്താം. DD/MM/YYYY or MM/DD/YYYY. എന്നാൽ പ്രബന്ധത്തിൽ ഉടനീളം ഏതെങ്കിലും ഒരു രീതി പിന്തുടരണം. എന്നാൽ സൂചിക കൊടുക്കുമ്പോൾ വേണമെങ്കിൽ മാത്രം ചുരുക്കി എഴുതാം (12 Jan 2014).

**ചുരുക്കെഴുത്ത്**

ഗ്രന്ഥസൂചികയിലും ആനുഷംഗിക സൂചിക (In - text citation ) യിലുമാണ് പ്രബന്ധരചനയിൽ ചുരുക്കെഴുത്തുകൾ പ്രധാനമായും ഉപയോഗിക്കാറ്. അപൂർവസന്ദർഭങ്ങളിൽ പ്രബന്ധ ശരീരത്തിലും പ്രയോഗിക്കാറുണ്ട്. ഇത്തരം ചുരുക്കെഴുത്തുകൾ അക്കാദമിക മേഖലകളിൽ പരിചതമായതും പൊതു സ്വീകാര്യമായതുമായിരിക്കണം.

ഉദാ: പ്രസാ. പ്രസാധകൻ (Editor), പ്രസാധകർ (Editors)

സമ്പാ. സമ്പാദകൻ, സമ്പാദകർ

വ്യാ. വ്യാഖ്യാതാവ്,

വിവ. വിവർത്തകർ,വിവർത്തകൻ,വിവർത്തനം

എഡി. എഡിറ്റർ

ഗ്ര. താളിയോല ഗ്രന്ഥം

ഗ്ര. പാ. ഗ്രന്ഥപാഠം

**ചുരുക്കെഴുത്തു പട്ടിക**

ചുരുക്കെഴുത്ത് - പൂർണരൂപം

| | |
|---|---|
| അ | അധ്യായം |
| അടി. | അടിക്കുറിപ്പ് |
| അവി. | അവിടവിടെ |
| ഉദാ: | ഉദാഹരണം |
| എഡി. | എഡിറ്റർ |
| കാ. | കാരിക |
| കൈ | കൈയെഴുത്തുപ്രതി |
| ഖ. | ഖണ്ഡിക |
| ഗ്ര. | താളിയോലഗ്രന്ഥം |
| ഗ്ര.പാ. | ഗ്രന്ഥപാഠം |
| ടി. | മേല്പടി പുസ്തകം/പുറം |
| താര. | താരതമ്യപ്പെടുത്തുക |
| തുടർ. | തുടർന്നുള്ള പുറം/പുറങ്ങൾ |
| തു.നാ | തൂലികാനാമം |
| ന. | നമ്പർ |
| പ. | പതിപ്പ്. |
| പകർ. | പകർപ്പവകാശംഗ്രന്ഥകർത്താവിന് (പ്രകാശകന്റെ പേരില്ലാത്തിടത്ത്) |
| പരി. | പരിശോധകൻ<br>പരിശോധിച്ചുപരിഷ്കരിച്ച |
| പിൻ. | പിൻപ് |
| പു. | പുറം |
| പുസ്ത. | പുസ്തകം, പുസ്തകങ്ങൾ |
| പ്രസാ. | പ്രസാധകൻ |

| | |
|---|---|
| ഭാ. | ഭാഗം |
| മുത. | മുതലായവർ |
| മുൻ. | മുൻപ് |
| ല. | ലക്കം |
| വ? | പ്രസിദ്ധീകരണവർഷംഅജ്ഞാതം |
| വാ. | വാല്യം |
| വിവ. | വിവർത്തകൻ, വിവർത്തനം |
| വ്യാ. | വ്യാഖ്യാത്, വ്യഖ്യാനം |
| ശ്ലോ. | ശ്ലോകം |
| സ. | സർഗ്ഗം |
| സമ്പാ. | സമ്പാദകൻ |
| സൂ. | സൂത്രം |
| സ്ഥ? | പ്രസിദ്ധീകരണസ്ഥലം അജ്ഞാതം |
| [?] | തെറ്റായ പ്രയോഗം |

**പരാമർശിച്ച രേഖകൾ(work cited)**

പ്രബന്ധ ശരീരത്തിൽ പരാമർശിക്കപ്പെട്ട സൃഷ്ടികളുടെ (ലേഖനങ്ങൾ, കൃതികൾ മുതലായവയുടെ) പട്ടികയാണ് work cited List. ഗ്രന്ഥസൂചിയിൽ നിന്ന് ഇതിനുള്ള വ്യത്യാസമെന്തന്നാൽ പ്രബന്ധരചനയുടെ അറിവിലേക്കായി നാം വായിച്ച പുസ്തകങ്ങളുടെ പട്ടികയാണ് ഗ്രന്ഥസൂചി. അവയെല്ലാം പ്രബന്ധത്തിൽ പരാമർശിച്ച കൊള്ളണമെന്നില്ല.

**2.1ഗ്രന്ഥകർത്താക്കളുടെ നാമം (Names of authors)**

ഗ്രന്ഥകാരന്റെ പേര് ചേർക്കുമ്പോൾ ആധികാരികമായ ഇടങ്ങളിൽ നിന്ന് സ്വീകരിക്കുക . ഗ്രന്ഥകാരന്റെ പേര് ആദ്യം എഴുതുക ഇനീഷ്യൽസും മറ്റും രണ്ടാമതായി എഴുതുക.

ഉദാ: അച്യുതൻ നമ്പൂതിരി, അക്കിത്തം. വിജയൻ, ഒ.വി. (ആദ്യഭാഗം കഴിഞ്ഞ് അങ്കുശം, ഇനീഷ്യലിനും മറ്റും ശേഷം വിരാമ ചിഹ്നം.)

**2.1.1 പദവികൾ ,ബിരുദങ്ങൾ ,വിശേഷണങ്ങൾ**

പേരിന്റെ കൂടെ ബിരുദങ്ങളോ മറ്റ് വിശേഷണങ്ങളോ ചേർക്കരുത്.

ഉദാ: കൃഷ്ണപിള്ള, ചങ്ങമ്പുഴ, എം എ

വിജയൻ മാഷ്

ഡോ: സുകുമാർ അഴീക്കോട്.

**2.1.2 സ്ഥാപനങ്ങളൊ പ്രസ്ഥാനങ്ങളൊ ഗ്രന്ഥകാരരാകുമ്പോൾ വ്യക്തികൾക്ക പകരം സ്ഥാപനത്തിന്റെയൊ സംഘടനയുടേയൊ പേരെഴുതുമ്പോൾ**

ഉദാ: ശാസ്ത്രസാഹിത്യ പരിഷത്ത് , "ശാസ്ത്രവും കേരളവും" കോട്ടയം, 2009 .

**2. 2 ശീർഷകങ്ങൾ**

ശീർഷകങ്ങൾ, (ഉപശീർഷകങ്ങളുണ്ടങ്കിൽ അതു ചേർത്ത്)കൃത്യമായും പൂർണ്ണമായും എഴുതണം. സ്രോതസ്സിലുള്ള ചിഹ്നങ്ങൾ പോലും കൃത്യമായിരിക്കണം. ശീർഷകങ്ങൾ ഉദ്ധരണി ചിഹ്നങ്ങളിലൊ ചരിഞ്ഞ ലിപിയിലൊ എഴുതണം

**2.3 പതിപ്പുകൾ (versions)**

ഒന്നാംപതിപ്പ് ഒഴിച്ചുള്ള പതിപ്പുകളുടെ നമ്പർ (അക്കത്തിൽ) ഗ്രന്ഥശീർഷകത്തിനു ശേഷം ചേർക്കണം.

ഉദാ. കേശവദേവ്, പി. "വില്പനക്കാരൻ ", 7 - പ. കോട്ടയം'

---

*ഗവേഷകർ, ശ്രീ നീലകണ്ഠ ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി*